**പതിനാലാം കേരള നിയമസഭ**

അഞ്ചാം സമ്മേളനം

**തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള വേതനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2714 — 09-05-2017 ൽ മറുപടിക്ക്

ചോദ്യം — മറുപടി

| **ശ്രീ.അബ്ദുൽ ഹമീദ് പി.** | | **ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള വേതനം യഥാസമയം ലഭ്യമാകുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ അവിദഗ്ദ്ധ കൂലയിനത്തിൽ 759.47 കോടി രൂപയാണ് നാളിതുവരെ കുടിശ്ശികയായിട്ടുള്ളത്. മേൽ തുക അടിയന്തിരമായി ലഭ്യമാക്കുവാൻ കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കേന്ദ്രസർക്കാരിൽ നിന്നും ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് കുടിശ്ശിക പൂർണ്ണമായും കൊടുത്ത് തീർക്കുന്നതാണ്. |
| (ബി) | നിലവിൽ പ്രസ്തുത പദ്ധതി പ്രകാരമുള്ള വേതനകുടിശ്ശിക ഏത് കാലയളവ് വരെ ഉണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള വേതന കുടിശ്ശിക 23.12.2016 മുതൽ 31.03.2017 വരെയുള്ളതാണ് |
| (സി) | പ്രസ്തുത കുടിശ്ശിക എന്നത്തേക്ക് കൊടുത്ത് തീർക്കുമെന്ന് വ്യക്തമാക്കുമോ | (സി) | 2016-17 സാമ്പത്തിക വർഷം 214614.07 ലക്ഷം രൂപയാണ് അവിദഗ്ദ്ധകായിക കൂലിയിനത്തിൽ കേന്ദ്രവിഹിതമായി ലഭ്യമാകേണ്ടിയിരുന്നത്. എന്നാൽ 1386.70 കോടി രൂപയാണ് അവിദഗ്ദ്ധകായിക കൂലിയിനത്തിൽ കേന്ദ്രവിഹിതമായി ലഭിച്ചത്. ബാക്കി തുക ലഭിക്കുന്നതിനായി കേന്ദ്രസർക്കാരിലേക്ക് പ്രൊപ്പോസൽ നൽകിയിരുന്നെങ്കിലും 2017-18 സാമ്പത്തിക വർഷത്തിന്റെ ആദ്യഗഡുവിനത്തിലും 2016-17 ലെ കുടിശ്ശിക തീർക്കുന്നതിനുമായി ആകെ ലഭ്യമായത് 122.8379 കോടി രൂപ മാത്രമാണ്. കേന്ദ്രസർക്കാരിൽ നിന്നും ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് കുടിശ്ശിക പൂർണ്ണമായും കൊടുത്ത് തീർക്കുന്നതാണ്. |
| (ഡി) | തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള വേതനം കാലതാമസം കൂടാതെ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ? | | പദ്ധതിയിൽ ഏർപ്പെടുന്ന തൊഴിലാളികളുടെ കൂലി നിർണ്ണയിക്കുന്ന നടപടികൾ ഫലപ്രദമായി പൂർത്തീകരിച്ചു. തുക സമയബന്ധിതമായി നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ പഞ്ചായത്തുകളിൽ നടപ്പു വർഷ ആരംഭത്തിൽ തന്നെ തുടങ്ങിയിട്ടുണ്ട്. എന്നാൽ കേന്ദ്രസർക്കാർ ഫണ്ട് നൽകുന്ന മുറയ്ക്ക് മാത്രമേ തുക തൊഴിലാളികളുടെ അക്കൗണ്ടിലേക്ക് നൽകുന്നതിന് കഴിയുകയുള്ളു. |

**സെക്ഷൻ ഓഫീസർ**